# പ്രണയഗായകന്റെ അക്ഷരക്കൊയ്ത്ത്

(സുധീർ പണിക്കവീട്ടലിന്റെ അക്ഷരക്കൊയ്ത്ത് എന്ന കവിതാസമാഹാരം-
ഒരു അവലോകനം)

**ഡോ.നന്ദകുമാർ ചാണയിൽ**

കവി മനസ്സിൽ പലപ്പോഴും മിന്നിമറഞ്ഞ് പോയ വികാരങ്ങലുടെ ലളിതമായ കാവ്യാവിഷ്ക്കാരങ്ങൾ ഉൾക്കൊള്ളുന്ന വ്യത്യസ്തമായ കവിതകൾ. ആർക്കും വായിച്ചാൽ മനസ്സിലാകും വിധം രചന നിർവ്വഹിച്ചിട്ടുള്ള ഇതിലെ കവിതകൾ ആധുനികതയോട് അകലച്ചുകൊണ്ട് കല്പനയുടെ പടവുകളിലൂടെ അനുരാഗലോലരായ് കയറിപോകുന്നു. സത്യവും സൗന്ദര്യവും ഉൾക്കൊള്ളുന്ന ഈ കവിതയിലൂടെ സഹൃദയരായ വായനക്കാരെ ഒന്ന് സഞ്ചരിച്ചു നോക്കുക.

**ആ**ധുനിക കവിതകൾ വായിക്കുമ്പോൾ, അവ രചിക്കുന്ന കവികൾക്കുപോലും പിടികിട്ടാത്ത ദുരൂഹതയിലാണോ ഇന്നത്തെ കവിതാലോകം മാറിക്കൊണ്ടിരിക്കുന്നത് എന്ന് നമ്മൾ ഒറ്റനോട്ടത്തിൽ തെറ്റിദ്ധരിച്ചേക്കാം. മുൻകാലങ്ങളിലെ കവിതകൾ വായിക്കുന്നത് വായനക്കാരന്റെ മസ്തിഷ്കത്തിനു അദ്ധ്വാനം തരുന്നില്ലെന്ന് മാത്രമല്ല, അവ വായിച്ച് ഹൃദിസ്ഥമാക്കാൻ എളുപ്പവുമായിരുന്നു. അത്തരം കവിതകളുടെ വരികൾ അനുവാചകമനസ്സുകൾ ഉരുവിട്ടുകൊണ്ടിരുന്നു. കാലങ്ങളെ അതിജീവിച്ച് അവ നിലകൊള്ളുന്നു. ഒന്നിനും സമയമില്ല എന്നു മുറവിളികൂട്ടുന്ന ഇന്നത്തെ തിടുക്കക്കാർക്ക് രചനകൾ പുനർവായനയ്ക്ക് വിധേയമാക്കാനും ദുരൂഹതകളുടെ ഇഴകൾ വേർപെടുത്താനും മറ്റും സമയമെവിടെ? വായനക്കാരുടെ എണ്ണം കുറഞ്ഞുപോകുന്നത് ആധുനികതയുടെ പൊയ്മുഖം അവരെ വിഷമിപ്പിക്കുന്നത്കൊണ്ടുകൂടിയാകാം. ഈ പശ്ചാത്തലത്തിലാണ് നേരെ ചൊവ്വേ മനസ്സിലാക്കാവുന്ന വിധത്തിലുള്ള ആഖ്യാനരീതി പുലർത്തുന്ന സരളലളിതമായ കവിതകളുടെ പ്രസക്തി.

ഏകദേശം രണ്ടരപതിറ്റാണ്ടുകളായി അമേരിക്കൻ മലയാളികളെ രസിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ഒരു സർഗ്ഗപ്രതിഭയാണ് ശ്രീ. സുധീർ പണിക്കവീട്ടിൽ. പ്രവാസ മലയാള സാഹിത്യനിരൂപണമേഖലയിലെ ആദിമഗ്രന്ഥമെന്നു വിശേഷിപ്പിക്കാവുന്ന 'പയേറിയയിലെ പനിനീർപ്പൂക്കൾ' ഇദ്ദേഹം 2012-ൽ പ്രസിദ്ധീകരിച്ചു. മുമ്പ് പ്രസിദ്ധീകരിച്ച തന്റെ 76 കവിതകൾ സമാഹരിച്ച് 'അക്ഷരക്കൊയ്ത്ത്' എന്ന സമാഹാരം 2017-ൽ പ്രസിദ്ധപ്പെടുത്തി. പുസ്തകപ്രകാശനരംഗത്ത് ചിലർ മൂന്നും മുപ്പതും തവണ ഒരേ പുസ്തകം പലയിടങ്ങളിലായി പ്രകാശനകർമ്മം നടത്തുമ്പോൾ ഈ എഴുത്തുകാരൻ തന്റെ അഭ്യുതയകാംക്ഷികൾക്ക് നേരിട്ടും തപാൽമുഖേനയും വിതരണം ചെയ്ത് പുസ്തകപ്രകാശനരംഗത്തും പുതുമ സൃഷ്ടിച്ചിരിക്കുന്നു. എന്നാൽ സഹൃദയനും വളരെയധികം സുഹൃദ് വലയവുമുള്ള സുധീർ പൊതുവേദികളിൽ പ്രത്യക്ഷപ്പെടുന്ന കാര്യത്തിൽ വിമുഖനാണെന്നുള്ളത് ഒരു വിരോധാഭാസം തന്നെ.

അക്ഷരക്കൊയ്ത്ത് പുറത്തിറങ്ങിയതും ശ്രീ. ജോൺ വേറ്റം, ശ്രീ. ജി. പുത്തൻകുരിശ്ശ്, ശ്രീമതി. ജ്യോതിലക്ഷ്മി നമ്പ്യാർ, ഡോ. പി. സി. നായർ എന്നീ പ്രശസ്ത എഴുത്തുകാർ ഇ-മലയാളിയിൽ നല്ല നല്ല പുസ്തകാസ്വാദന നിരൂപണങ്ങളിലൂടെ അഭൂതപൂർവ്വമായ വരവേല്പാണ്

നൽകിയത്.

അക്ഷരക്കൊയ്ത്ത് എന്ന ശീർഷകത്തിൽ നിന്നൂഹിക്കാം, കവിയുടെ സാഹിത്യോപാസനയുടെ വ്യുൽപ്പത്തി. പ്രൈത്യക പ്രേരിതമാവാം ഈ സാഹിത്യാഭിരുചി. 'മുത്തശ്ശി നൽകിയ സ്നേഹവാത്സല്യങ്ങളിൽ അച്ഛന്റെ ശബ്ദത്തിൽ കേട്ട കവിതയിൽ', കവിതയെ കണ്ടു എന്ന സമർപ്പണം തന്നെ മുൻ പ്രസ്താവനയെ സാധൂകരിക്കുന്നു. സാഹിതീതല്ലജത്തിന്റെ ബീജാവാപം പൈതൃകമോ നൈസർഗ്ഗികമോ ആകട്ടെ, അത് നട്ടുവളർത്തി നല്ല പ്രയത്നം ചെയ്താലേ, നൂറുമേനി വിളയിച്ച് കൊയ്തെടുക്കുവാൻ സാദ്ധ്യമാവൂ. ഈ കവി-കർഷകനും ചെയ്തിരിക്കുന്നത്, സാഹിത്യലോകത്ത് ഒരു കൊയ്ത്ത് തന്നെ എന്നതിനാൽ ശീർഷകം അനുയോജ്യമായിരിക്കുന്നു. കാവ്യരചന എല്ലാവർക്കും വഴങ്ങുന്ന ഒന്നല്ല. കവിതയെഴുത്തിനു 'നാ ന' യുടെ (നാന എന്ന മാസികയല്ല) വരദാനം വേണ്ടുവോളം വേണം. 'നാ ന'യ്ക്ക് ആലോചന, ഭാവന, ഉപാസന, രചന എന്നീ നാലു പ്രതിഭാസങ്ങളിലൂടെ കടന്നുപോകേണ്ടതുണ്ട്.

കൈരളിയുടെ താളുകളിൽ വന്ന 'പ്രിയമുള്ളവൾ' എന്ന കവിതയിലെ 'നിൻതളിർചുണ്ടിൽ നിന്നും ആദ്യമായ് സ്നേഹത്തിന്റെ ഗംഗയാറൊഴുകുമോ എന്നിലെ ദാഹം തീർക്കാൻ', 'ദിവ്യമാം പ്രേമത്തിന്റെ താമരത്തണ്ടും കൊത്തി നീ പറന്നെത്തീടുകെൻ രാജഹംസമേ വേഗം', എന്ന വരികൾ വായിച്ച്, ഈ ലേഖകൻ സുധീറിനെ പ്രവാസികളുടെ പ്രണയഗായകനെന്ന് വിശേഷിപ്പിച്ചത് ഓർത്തുപോകുന്നു. ആ വിശേഷണമാണു ഈ ലേഖനത്തിനു തലക്കെട്ടായി നൽകിയിരിക്കുന്നത്.

ആപ്പിൾ വീഴുന്നത് എല്ലാവരും കണ്ടിട്ടുണ്ടെങ്കിലും, സർ ഐസക് ന്യൂട്ടൺ അത് കണ്ടപ്പോൾ ഭൂമിയുടെ ഗുരുത്വാകർഷണ തത്ത്വം കണ്ടുപിടിച്ചു. വസന്താഗമത്തിൽ കിളികളുടെ പാട്ടും, കിളികൾ ജാലകവാതിൽക്കൽ പ്രത്യക്ഷപ്പെടുന്നതും, ഒരു സാധാരണ സംഭവം മാത്രം. എന്നാൽ ജനലിൽ ഒരു പൂങ്കുയിൽ വന്നിരുന്നപ്പോൾ, സുധീറിന്റെ കവിമനസ്സ് ചിറക് വിരിക്കാൻ തുടങ്ങിയ. ഏതോ കോകിലകന്യകയിൽ മോഹിതനായി, രാവും പകലും രാഗമാലിക പാടി നടക്കുന്ന ഒരു കാമുകനായി, കുയിലിനെ കവി കാണുന്നു. പഞ്ചമഗീതങ്ങൾ പാടിയിട്ടും, ഒരു കുയിലിണപോലും ഗൈനിക്കാതെ, ഭഗ്നോത്സാഹിതനായ പവം പക്ഷി കവിയോട് ഒരു പ്രണയലേഖനം എഴുതിക്കൊടുക്കാൻ ആവശ്യപ്പെടുന്നതായി കവി കരുതുന്നു. മല്ലീശ്വരന്റെ ആവനാഴികൾ തന്റെ കൈവശമുണ്ടെന്നും കവി വിശ്വസിക്കുന്നു. പ്രപഞ്ചം നിറഞ്ഞുനിൽക്കുന്നത് പ്രണയമെന്ന വികാരം കൊണ്ടാണെന്നു ചിന്തിക്കുകയാണോ കവി?

ഈ കവിതാസമാഹാരത്തിൽ, മുക്കാലേ മുണ്ടാണി കവിതകളും പ്രണയനിർഭരങ്ങളാണ്. പ്രണയം മനുഷ്യജീവിതത്തിൽ എപ്പോഴും പ്രകടമാകുന്ന ഒരു വികാരം തന്നെ. കഠിനമായ പ്രണയം മൂലം ജീവൻ നഷ്ടപ്പെട്ടവരുണ്ട്; കൊലക്കയറിൽ നിന്നും ജീവൻ തിരിച്ചുപിടിച്ചവരുണ്ട്. സിംഹാസനങ്ങൾ നേടിയവും, നഷ്ടപ്പെടുത്തിയവരും, നഷ്ട്പെട്ടവരുമുണ്ട്. പ്രണയത്തെപ്പറ്റി കവി പാടുന്നത് അതുകൊണ്ടായിരിക്കാം. അമേരിക്കൻ മലയാളസാഹിത്യത്തിൽ, പ്രണയത്തെക്കുറിച്ച് ഏറ്റവും കൂടുതൽ എഴുതിയ കവിയെന്നു സുധീറിനെ വിശേഷിപ്പിക്കാം. മലയാള ചലചിത്രഗാനങ്ങളിൽ അതീവതല്പരനായ ഇദ്ദേഹത്തിന്റെ കാവ്യസമാഹാരത്തിൽ ഗാനശകലങ്ങളുടെ പ്രസരം കാണുന്നതിൽ അതിശയിക്കാനില്ലല്ലോ.

ആമുഖത്തിൽ കവി തന്നെ പറയുന്നുണ്ട് 'കവിത എനിക്കെന്നും കാമിനിയാണ്. എനിക്ക

പ്രാപ്യമായ തലത്തിൽ എന്നെ മോഹിപ്പിച്ചുകൊണ്ട് ഇടക്കെല്ലാം പ്രത്യക്ഷപ്പെടുന്ന ഒരു സൗന്ദര്യ ദേവത' എന്നൊക്കെ. സാധാരണ ജീവിതത്തിൽ, വാമഭാഗത്തേയും, പ്രണയിനിയേയും ഒരേപോലെ സംപ്രീതരാക്കി മുന്നോട്ട് പോവുക ദുഷ്ക്കരമായതിനാലാണല്ലോ, പലർക്കും ഒരാളെ ത്യജിച്ച്, മറ്റേയാൾക്ക് അടിയറ പറയേണ്ടിവരുന്നത്. പക്ഷേ, ഈ പ്രണശിൽപ്പിക്ക് രണ്ടുദേവതകളേയും പിണക്കാതെ, ഇണക്കാനുള്ള കഴിവുള്ളതായി കാണുന്നു. അക്ഷരക്കൊയ്ത്തിലെ കവിതകളിലൂടെയുള്ള പ്രയാണം ഒന്നു വ്യക്തമാക്കുന്നുണ്ട്; ഈ പുഞ്ചപ്പാടത്തിന്റെ വിളവുകൾ നിത്യകാമുകനായ ഈ കർഷകന്റെ അനുരാഗവായപ്പുകളാകുന്ന ജൈവവളക്കൂറിൽ നിന്നും പുഷ്ടിപ്രാപിച്ച്, ഉരുത്തിരിഞ്ഞുണ്ടായ നെന്മണികൾ കൊയ്ത്തിനൊപ്പം ഗീതകങ്ങളായി രൂപാന്തരം പ്രാപിച്ചു പോയോ എന്നു അനുവാചകർക്ക് സന്ദേഹമുണ്ടാകാം. ഇതും നമുക്ക് ഒരു മരീചികാനുഭൂതി നൽകുന്നു. ഉപാസന എന്ന കവിതയിലെ, 'നിലം പൂട്ടുന്ന കർഷകൻ പാടുന്ന പാട്ടിലും കൗമാരമോഹ തുടുപ്പിൻ തരിപ്പിലും കണ്ടു ഞാൻ വിതയെ ഭാവാക്ഷരങ്ങളെൻ തൂലിക തുമ്പിലുതിർത്തുന്ന ദേവിയെ' എന്നീ പരാമർശങ്ങൾ, കവിയുടെ കാവ്യദേവതയോടുള്ള ഉപാസനയും ആരാധനയും വ്യക്തമാക്കുന്നുണ്ട്. അതുപോലെ 'കവിയുടെ ഘാതകരിൽ' പാടുന്നു, 'കാവ്യാനുരാഗവിവശനായ് കൈരളീദേവിക്കനുദിനം പൂജ ചെയ്തീടിലും ആരുമറിയാതൊരജ്ഞാത കോണിലൊതുങ്ങികഴിയാൻ കൊതിച്ചവനീ കവി'.

'നനിമ്മിഴിയിതളിലെ മദജലകണങ്ങളിൽ എന്നഭിലാഷങ്ങൾ അലിയുമെങ്കിൽ, അപ്സരസ്സേ, നിന്റെ താരുണ്യതനുവിന്മേൽ അനുരാഗകവിത ഞാൻ കുറിക്കുമല്ലോ, കുപ്പിവളകൾ നാണം കുണുങ്ങി ചിരിക്കുന്ന കുളിരുള്ള രാവുകൾ പിണങ്ങുമെങ്കിൽ പൊന്നാടയണിഞ്ഞു നീ പുളകങ്ങൾ വിതറുന്ന പൂമെത്ത നിവർത്തി നാമുറങ്ങുമല്ലോ' (അഭിലാഷങ്ങൾ) എന്നീ വരികൾ വായിക്കുമ്പോൾ അനുരാഗക്കളരിയിൽ പയറ്റിത്തെളിഞ്ഞ ഒരു പ്രണയഗായകന്റെ ഭാവനാവിലാസം ചിറകുവിടർത്തി വായനക്കാരേയും തന്നോടൊപ്പം ആകാശഗംഗയിൽ വിഹരിക്കാൻ കൂടെ കൂട്ടുന്നു. അതെ, മലരമ്പിൻ മുനകൊണ്ട് മുറിയുന്ന നോവിന്റെ സുഖമോർത്തു ഞാനാകെ തരിച്ചിരിക്കും, മന്ത്രകോടിയണിയിച്ച നിമിഷങ്ങൾ എന്റെ മുന്നിൽ നിറഞ്ഞ്നിൽക്കേ കതിരിട്ട സ്വപ്നങ്ങൾ വിടരുന്ന വിരിമാറിൽ തലചായ്ച്ച് ഒന്നുറങ്ങാൻ ഞാൻ കൊതിച്ചിരിക്കും'. എന്നീ വർണ്ണനകൾ ലാളിത്യഭംഗി കൊണ്ടും, കലവറയില്ലാത്ത സുതാര്യത കൊണ്ടും, മധുവിധു ആഘോഷിക്കാൻ ഭാഗ്യദേവത കടാക്ഷിച്ചിട്ടുള്ള എല്ലാ പ്രണയജോഡികളേയും സ്മൃതിമണ്ഡലത്തിലെങ്കിലും ഒരു പുനരാവർത്തന സുഖാനുഭൂതിയിലേക്ക് ആനയിക്കാൻ പര്യാപ്തങ്ങളാണ്. മുഗ്ധമായ ഭാവനാവിലാസത്തിൽ വായനക്കാരേയും ആറാടിക്കുന്ന കാവ്യസൗഭഗം ഒന്നു വേറെ തന്നെ.

'പാലൊളി തൂകും ചിരിയുമായി കുഞ്ഞിളം ചുണ്ടിലൊളിച്ചിറങ്ങും' (ഒരു നെഞ്ചു വേദനയുടെ കഥ) 'സങ്കല്പലോകത്തിൽ സഞ്ചരിച്ചീടവേ' (കവിയുടെ ഘാതകർ) എന്നീ വരികൾ നമ്മുടെ പ്രിയപ്പെട്ട കവി വള്ളത്തോളിന്റെ കവിതകളിലെ ശബ്ദസൗകുമാര്യത്തെ ഒരു ചെറിയതോതിലെങ്കിലും ഓർമ്മിപ്പിക്കുന്നു. (വയാഗ്രയും, നീലിയും നളിനനും, കവിയുടെ ഘാതകർ, ഒരു നെഞ്ചുവേദനയുടെ കഥ) 'ഞാൻ പാലാക്കാരൻ' എന്ന കവിതയിൽ 'പാലുപോലുള്ളവർ പാലാക്കാർ ഇത്തിരിവെള്ളം ചേർത്താലും നിറം തീരെ മങ്ങാത്തോര്' ഈ വരികളിലെ ദ്വയോക്തികളും നർമ്മവും വായനക്കാരെ രസിപ്പിക്കുന്നതിനോടൊപ്പം ചിരിപ്പിക്കാനും വഴിയൊരുക്കുന്നു.

അദ്ധ്വാനിക്കുന്നവർക്കും ഭാരം ചുമക്കുന്നവർക്കും അത്താണിയായി പിറന്ന യേശുദേവന്റെ പിറന്നാൾ ആഘോഷങ്ങൾക്കായി പൊതുജനം ദുർവ്യയം ചെയ്യുന്ന ദുരവസ്ഥയെ, 'ആട്ടവും പാട്ടുമീ ആർഭാടവും കൊള്ളാം, നിർമ്മലമാക്കിയോ നിങ്ങളെ മനസ്സിനെ? അന്നമില്ലാതെ വലയും ദരിദ്ര ന്മാർക്കഷ്ടിക്ക് വല്ലതും നിങ്ങൾ കൊടുത്തുവൊ? സ്നേഹമാണീശ്വരൻ എന്നറിഞ്ഞോ? നിങ്ങൾ ചിത്തത്തിൽ വാഴുമാ ദേവനെ കണ്ടുവോ?' എന്നീ അർത്ഥപൂർണമായ ചോദ്യശരങ്ങളിലൂടെ ആർദ്ര ചിത്തനായ കവി തന്റെ അനുകമ്പയും ദയയും തുറന്നുകാട്ടുന്നു. ഒപ്പംതന്നെ, 'എന്റെ നാമത്തിൽ കൊളുത്തും വിളക്കുകൾ, തോരണം ചാർത്തുന്ന വീഥികൾ, മേളങ്ങൾ നിഷ്ഫലമാണെന്നറിയുക നിങ്ങളിൽ നിങ്ങളെ തന്നെ അറിയാതിരിക്കുകിൽ എന്നു കവി പാടുമ്പോൾ, നിഷേധാത്മകതയെ ഉണ്മയാക്കി മാറ്റുന്ന സൂചന, തന്നെ താൻ അറിയുവിൻ, അല്ലെങ്കിൽ അത് നീയാണെന്ന, (തത്വമസി) എന്ന വലിയ ദാർശനിക സന്ദേശം കവി വായനക്കാർക്ക് നൽകുന്നു.

ഭാഷാസ്നേഹം, ദേശസ്നേഹം, ആഘോഷങ്ങൾ, ആദർശവനിത, സാഹിത്യപ്രതിഭ, സാംസ്ക്കാരികസംഘടനകൾ, സ്ത്രീ, പ്രണയം, പ്രകൃതി എന്നിങ്ങനെ നിരവധി പ്രമേയങ്ങൾ, കൊയ്തുകൂട്ടി ഉണക്കിസംഭരിച്ചുവച്ചിരിക്കുന്ന ഈ കവിതാപത്തായത്തിലുണ്ട്. പല കവിതകളിലും തുളുമ്പിനിൽക്കുന്ന സുധീറിന്റെ ശൃംഗാരഭാവനകളിലൂടെ കടന്നുപോകുമ്പോൾ ഈ ലേഖകനു ഓർമ്മവരുന്നത് അനശ്വരനായ വൈലോപ്പിള്ളിയുടെ 'വസന്തം' എന്ന കവിതയിലെ, 'പൂന്തേൻ കുടിപ്പാൻ പുറപ്പെട്ട തോരാതെ നീന്തുന്ന ശൃംഗാരസാഗരത്തിൽ!' എന്ന വണ്ടുകളുടെ ആത്മഗത മാണ്. 'കൊതിയോടെ കാത്തിരിപ്പൂ' എന്ന കവിതയിലെ 'മറക്കാനാവില്ലെന്നെ മരണം ഗ്രസിച്ചാലും ദേവ ദേവ നീയെന്റെ പ്രാണനിൽ തിളങ്ങുന്നോൻ' എന്ന വരികൾ വൈലോപ്പിള്ളിയുടെ 'കന്നി ക്കൊയ്ത്തിലെ', 'ഹാ വിജിഗീഷുമൃത്യുവിന്നാമോ ജീവിതത്തിൻ കൊടിപ്പടം താഴ്ത്താൻ' എന്ന ശാശ്വത സത്യത്തെ ഓർമ്മിപ്പിക്കുന്നു.

'ഒരു നെഞ്ചുവേദനയുടെ കഥയിൽ വൈദ്യന്മാർ തീർക്കുന്ന വ്യാധിയല്ലാതസുഖങ്ങളില്ലെ നിക്കന്നുമിന്നും എന്ന പ്രസ്താവനയിലൂടെ കീശയിൽ നോട്ടമിടുന്ന ആധുനിക ഭിഷഗ്വരന്മാർ രോഗ മില്ലാത്തവനെ രോഗമുള്ളവനാക്കി അനാവശ്യകീറിമുറിക്കൽ നടത്തുന്ന ദുർമ്മോഹികളുടെ വാർത്ത കൾ നമുക്ക് ചുറ്റും നടമാടുന്നത് ഓർമ്മയിലെത്തുന്നു. പിന്നെ, അച്ഛന്റെ ചിത്രത്തിൽ തൊട്ടു നോക്കി ചിത്രമാണെങ്കിലും അവിടെയപ്പോൾ ആത്മബന്ധത്തിന്റെ ചരടഴിഞ്ഞു'. ഇവിടെ നാം ആത്മബന്ധത്തിന്റെ ബന്ധനത്തിന്റെ കുരുക്കഴിക്കുന്ന, ഹൃദയസ്പൃക്കായ വിവരണം ഒരു ചിത്ര കാരന്റെ വിരുതോടെ, കവി നമുക്ക് കാണിച്ച് തരുന്നുണ്ട്. കവിയും കലാകാരനും ഒന്നിക്കുന്ന വിചിത്രസംഗമമെന്നല്ലാതെന്തു പറയാൻ! തുടർന്നു 'വൈദ്യശാസ്ത്രത്തിനു ആത്മബന്ധം അള ക്കാൻ അളവുകോലൊന്നുമില്ല. രക്തബന്ധത്തിനദൃശ്യശക്തി ഔഷധങ്ങൾക്കൊട്ടുമില്ലതാനും' എന്ന നഗ്നസത്യം വിളിച്ചുപറയുമ്പോൾ ഹാസ്യോക്തികളിലൂടെ അപ്രിയസത്യങ്ങൾ പറയാനുള്ള ചങ്കൂറ്റം ഈ കവി കാണിക്കുന്നു.

'സ്വപ്നസുന്ദരി'യിലെ, രണ്ടു വരികളെക്കുറിച്ച് പ്രതിപാദിക്കാതിരുന്നാൽ ഈ അപൂർണ്ണാ സ്വാദനത്തിന്റെ അപൂർണതയ്ക്കായിരിക്കും മികവെന്നതിനാൽ പറയാതിരിക്കാൻ വയ്യ. 'മനസ്സറി യാതെ നാം ചോദിച്ച ചോദ്യങ്ങൾ, മൗനങ്ങൾ നൽകിയ മറുപടികൾ' എന്നു കവി ഉരിയാടുമ്പോൾ, വിരുദ്ധോക്തികളിലൂടെ കവി പറയാതെ പറയുന്ന വാചാലതയുടെ ചിത്രം അവർണ്ണനീയം തന്നെ.

പ്രവാസികളുടെ ഈ പ്രണയഗായകനെ, മുഖ്യധാരയിലെ ഏതു കവിയുമായി താരതമ്യ തുലനം ചെയ്യാമെന്ന വിലയിരുത്തൽ, മാന്യവായനക്കാരുടെ ഊഹാപോഹങ്ങൾക്ക് വിട്ടുകൊടുക്കാനാണ് ഈ ലേഖകനു ഹിതം. പുസ്തകത്തിന്റെ പിൻചട്ടയിൽ ഒരു സൂചനാവരിയുണ്ട്. 'ആർക്കും വായിച്ചാൽ മനസ്സിലാകുംവിധം രചന നിർവ്വഹിച്ചിട്ടുള്ള ഇതിലെ കവിതകൾ ആധുനികതകയോട് അകലം പാലിച്ചുകൊണ്ട് കൽപ്പനയുടെ പടവുകളിലൂടെ അനുരാഗലോലരായ് കയറിപ്പോകുന്നു' എന്ന്. ശരിയാണ്. കവേ, ഈ ലേഖകൻ ആരംഭത്തിൽ സൂചിച്ചതുപോലെ, ദുരൂഹമായ ആധുനിക കവിതകൾ വായിച്ച് ആഗിരണം ചെയ്യുമ്പോഴുള്ള ആയാസം ഓർത്താൽ, സുധീർ കവിതകൾ വായിച്ചുരസിക്കാൻ വിഘാതങ്ങളേതും നൽകുന്നില്ല. അത്ര ഋജുവും സരളകോമളമായ ഭാഷയുമാണ് 'അക്ഷരക്കൊയ്ത്തി'ന്റെ സവിശേഷത എന്നു പറയാതിരിക്കാൻ വയ്യ. വശ്യമായ ആഖ്യാനശൈലിയും, ചാരുതയാർന്ന എന്നാൽ ചടുലമായ ഭാഷാസ്വാധീനവും ഈ അനുഗ്രഹീത കവിയെ മലയാള വായനക്കാരുടെ ജനപ്രിയ എഴുത്തുകാരനാക്കിയത് വിദേശമലയാളികളുടെ പുണ്യമെന്നല്ലാതെന്തു പറയാൻ? ഒരു സാഹിത്യകാരൻ അക്ഷരങ്ങളിലൂടെ അനുവാചകർക്ക് നൽകുന്ന അനുഭൂതിയെ വെല്ലാൻ ഈ ദുനിയാവിൽ മറ്റെന്താണുള്ളത്? സർഗ്ഗപ്രതിഭാധനനായ സുധീറിൽ നിന്നും അനർഗ്ഗളമായ കവിതാപ്രവാഹം ഉണ്ടായിക്കൊണ്ടേയിരിക്കാൻ വാഗ്ദേവത പ്രസാദിക്കട്ടെ എന്ന പ്രാർത്ഥനയോടെ സർവ്വ മംഗളാശംസകളും അദ്ദേഹത്തിനു നേരുന്നു.

*************